**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3420** **11-03-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ ജീവനക്കാരുടെ ഹയർ സർവ്വെ/ചെയിൻ സർവ്വെ പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ജീവനക്കാരുടെ ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിലും ഫലം പ്രസിദ്ധീകരിക്കുന്നതിലും കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര ഹയർ സർവ്വെ, ചെയിൻ സർവ്വെ ബാച്ചുകളുടെ ഫലം പ്രസിദ്ധീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | റവന്യൂ ജീവനക്കാരുടെ ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷാ പ്രക്രിയയിൽ നീതിയും സുതാര്യതയും സ്ഥിരതയും ഉറപ്പാക്കിയുള്ള കേന്ദ്രീകൃത മൂല്യനിർണ്ണയമാണ് നടത്തിവരുന്നത്. സാധാരണ ഗതിയിൽ കുറഞ്ഞത് 10 പരീക്ഷകൾ പൂർത്തിയാകുന്ന മുറയ്ക്കോ 6മാസം ഇടവിട്ടോ ആണ് മൂല്യനിർണ്ണയം നടത്തിവരുന്നത്. നിലവിൽ 6 ചെയിൻ സർവ്വെ, 4 ഹയർ സർവ്വെ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുവാനുണ്ട്. പ്രസ്തുത പരീക്ഷകളുടെ മൂല്യ നിർണ്ണയം ഈ മാസം തന്നെ പൂർത്തിയാക്കി ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അവസാനമായി നടന്ന ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തിയ തീയതിയും ഫലം പ്രസിദ്ധീകരിച്ച തീയതിയും അറിയിക്കുമോ; | (ബി) | അവസാനമായി നടന്ന ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തിയത് 23.07.2024 മുതൽ 27.07.2024 വരെയുള്ള കാലയളവിലാണ്. ഫലം പ്രസിദ്ധീകരിച്ചത് 09.09.2024 തീയതിയിലുമാണ്. |
| (സി) | പ്രസ്തുത പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിലും അവയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിലും കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ; | (സി) | കേരള സംസ്ഥാന റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ചെയിൻ സർവ്വെ / ഹയർ സർവ്വെ പരിശീലനങ്ങൾ, സർവ്വെ മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം സർവ്വെ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് നടക്കുന്നത്. സർവ്വെ ഡയറക്ടർ ചുമതലപ്പെടുത്തുന്ന വകുപ്പിലെ ഏറ്റവും സീനിയറായ ഒരു ഉദ്യോഗസ്ഥനെയാണ് പ്രസ്തുത പരീക്ഷയുടെ ലോക്കൽ എക്സാമിനറായി നിയമിക്കുന്നത്. പരീക്ഷ പൂർത്തിയാക്കി ലഭ്യമാകുന്ന എല്ലാ ഉത്തരക്കടലാസുകളും സർവ്വെ ഡയറക്ടറുടെ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കുകയും ഫാൾസ് നമ്പർ ഇട്ട് ഉത്തര സൂചിക ഉൾപ്പെടെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പിൽ വെച്ച് അംഗീകരിച്ച പാനൽ മുഖേന കേന്ദ്രീകൃത മൂല്യനിർണ്ണയം |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്യുന്നു. മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ ഒരു ഉന്നത ഉദ്യോഗസ്ഥൻ സൂപ്പർ ചെക്ക് ചെയ്ത് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഓരോ മൂല്യനിർണ്ണയത്തിനും അംഗീകരിക്കപ്പെട്ട പാനലിലെ സംസ്ഥാനത്തുടനീളമുള്ള ഏറ്റവും സീനിയറായ ഉദ്യോഗസ്ഥരെ ഒരു കേന്ദ്രത്തിൽ നിയോഗിച്ച് നടത്തപ്പെടുന്ന പ്രക്രിയ ആയതിനാൽ ഓരോ പരീക്ഷയ്ക്കുശേഷവും മൂല്യനിർണ്ണയം നടത്തുന്നത് അപ്രായോഗികമാണ്. ആയതിനാൽ 10 പരീക്ഷകൾ പൂർത്തിയാകുന്ന മുറയ്ക്കോ 6 മാസം ഇടവിട്ടോ ആണ് മൂല്യനിർണ്ണയം നടത്തിവരുന്നത്. മേൽ നടപടിക്രമങ്ങൾ പാലിച്ച് പരീക്ഷ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ഒരു നിശ്ചിത സമയം ആവശ്യമായി വരുന്നതാണ്. |
| (ഡി) | ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വെ ഉദ്യോഗസ്ഥർ അഭിമുഖീകരിക്കുന്ന ജോലിഭാരം ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷകളുടെ മൂല്യനിർണ്ണയത്തെയും അവയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനെയും ബാധിക്കുന്നുണ്ടോ; എങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള പാനലാണ് നിലവിൽ പരീക്ഷാ മൂല്യനിർണ്ണയം നടത്തിവരുന്നത്. ആയതിനാൽ ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ നിർവ്വഹണം പരീക്ഷാ മൂല്യനിർണ്ണയത്തെ ബാധിക്കുന്നില്ല. |
| (ഇ) | നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനും സ്ഥാനക്കയറ്റത്തിനും ഹയർ സർവ്വെയും ചെയിൻ സർവ്വെയും നിർബന്ധിത യോഗ്യതയായതിനാൽ അവയുടെ പരീക്ഷാ ഫലം അനിശ്ചിതമായി വൈകുന്നത് ഗൗരവമായി പരിഗണിച്ച് എത്രയും വേഗം ഫലം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഇ) | നിലവിൽ ഫലം പ്രസിദ്ധീകരിക്കുവാനുള്ള പരീക്ഷയുടെ മൂല്യനിർണ്ണയം 17.03.2025ൽ നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (എഫ്) | പരീക്ഷാ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കുന്നതിനും പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും നിയോഗിക്കപ്പെട്ട/ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ? | (എഫ്) | സർവ്വെ ഡയറക്ടറുടെ 16.08.2017ലെ ജി 1 -303/2017 നം ഉത്തരവ് പ്രകാരം നിലവിൽ പരീക്ഷാ ചുമതലകൾ നിർവ്വഹിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് സർവ്വെ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ 1 ശ്രീമതി. പി.ആർ.പുഷ്പയെ ആണ്. |

സെക്ഷൻ ഓഫീസർ